**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 4044** **12/12/2018-ൽ മറുപടിക്ക്**

**ആലത്തൂർ ഹോമിയോ ഡിസ്പെൻസറി**

**ചോദ്യം**
ശ്രീ.കെ.ഡി.പ്രസേനൻ

**മറുപടി**
ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആലത്തൂർ നിയോജകമണ്ഡലത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സർക്കാർ ഹോമിയോ ഡിസ്പെൻസറിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദീകരിക്കാമോ ; | (എ) | ആലത്തൂർ നിയോജകമണ്ഡലത്തിലെ സർക്കാർ ഹോമിയോ ഡിസ്പെൻസറിയ്ക്ക് പഞ്ചായത്ത് മുഖേന പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ആലത്തൂർ എം.എൽ.എ-യുടെ ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ അനുവദിക്കപ്പെട്ടിട്ടുണ്ട്. പുതിയ ഹോമിയോ ഡിസ്പെൻസറി കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് നിലനിൽക്കുന്ന ആരോഗ്യ വകുപ്പിന്റെ പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടർക്ക് പഞ്ചായത്ത് അധികൃതർ കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭിച്ചാലുടനെ പ്രസ്തുത സ്ഥലത്ത് ഹോമിയോ ഡിസ്പെൻസറിയുടെ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് അധികൃതർ കൈക്കൊള്ളുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ ഹോമിയോ ഡിസ്പെൻസറി താൽക്കാലികമായി പ്രവർത്തിക്കുന്നതിന് വാടക കെട്ടിടം ലഭ്യമായിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | ഹോമിയോ ഡിസ്പെൻസറി എന്ന് പ്രവർത്തനം തുടങ്ങും എന്നറിയിക്കാമോ ? | (സി) | ആരോഗ്യ വകുപ്പിന്റെ പഴയ കെട്ടിടം പൊളിച്ചുനീക്കുന്നതിന് അനുമതി ലഭിച്ചാലുടനെ കെട്ടിടം പണി ആരംഭിക്കാവുന്നതും ഒരു വർഷത്തിനുള്ളിൽ പുതിയ കെട്ടിടത്തിലേക്ക് ഹോമിയോ ഡിസ്പെൻസറിയുടെ പ്രവർത്തനം ആരംഭിയ്ക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും ആലത്തൂർ പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ